മെട്രോ വാർത്ത

# ഡോ. ഗോപാലകൃഷ്ണന് രാജ്യാന്തര പുരസ്കാരം

കൊച്ചി: കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണന് ഏഷ്യ പസിഫിക് രാജ്യങ്ങളെ പ്രതിനിധീകരിക്കുന്ന ഏഷ്യൻ ഫിഷറീസ് സൊസൈറ്റിയുടെ (എഎഫ്എസ്) ഗോൾഡ് മെഡൽ അവാർഡ് ലഭിച്ചു. മത്സ്യ കൂടുകൃഷിയുടെ പ്രചാരണത്തിന് സിഎംഎഫ്ആർഐ നടത്തിയ ഗവേഷണപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് മൂന്ന് വർഷത്തിലൊരിക്കൽ സമ്മാനിക്കുന്ന പുരസ്കാരം ഡോ. ഗോപാലകൃഷ്ണന് ലഭിച്ചത്.

കൂടുകൃഷി സമ്പ്രദായം മത്സ്യത്തൊഴിലാളികൾക്കിടയിൽ ജനകീയമാക്കുന്നതിന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ സിഎംഎഫ്ആർഐ ഗവേഷണ പ്രവർത്തനങ്ങളും പരിശീലനപരിപാടികളും നടത്തിവരുന്നുണ്ട്.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടത്തുന്ന 750ൽ പരം കൂടുകൃഷി സംരംഭങ്ങൾക്ക് സിഎംഎഫ്ആർഐ നിലവിൽ സാങ്കേതിക സഹായം നൽകുന്നുണ്ട്. ബാങ്കോക്കിൽ നടന്ന 11 ആം ഏഷ്യൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഫോറത്തിൽ എഎഫ്എസ് പ്രസിഡന്റ് പ്രഫ. ഷോലിൻ ഹോംഗ് ഡോ ഗോപാലകൃഷ്ണന് സ്വർണ മെഡലും പ്രശസ്തി പത്രവും സമ്മാനിച്ചു.